തൊഴിൽ വാർത്തകൾ

അലഹബാദ് ഹൈക്കോടതിയിൽ

3,495 ഒഴിവുകൾ

ഉത്തർ പ്രദേശ് സിവിൽ കോർട്ട് സ്റ്റാഫ് സെൻട്രലൈസ്ഡ് റിക്രൂട്ട്മെന്റിന് കീഴിൽ ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി വകുപ്പുകളിലെ സ്റ്റെനോഗ്രാഫർ ഗ്രേഡ്, ക്ലർക്ക് ഗ്രൂപ്പ് സി, ഡ്രൈവർ, ട്യൂബ്‌വെൽ ഓപ്പറേറ്റർ കം ഇലക്ട്രീഷ്യൻ/ പ്രോസസ് സെർവർ/ ഓർഡർലി/ പ്യൂൺ/ ചൗക്കിദാർ എന്നീ തസ്തികളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. 3,495 ഒഴിവുകളാണ് ഉള്ളത്. ഓൺലൈനായി ഒരാൾക്ക് ഒന്നിൽ കൂടുതൽ പോസ്റ്റിലേക്ക് അപേക്ഷിക്കാവുന്നതാണ്. ഓരോന്നിനും പ്രത്യേകം അപേക്ഷാ ഫീസ് അടക്കണം. എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. ഡ്രൈവർ തസ്തികയിൽ മറ്റുള്ളവർക്ക് കമ്പ്യൂട്ടർ ടൈപ്പ് പരീക്ഷയും, സ്റ്റെനോഗ്രാഫി ടെസ്റ്റും ഉണ്ടായിരിക്കും. ഡിസംബർ ആറ് മുതൽ 26 വരെ അപേക്ഷിക്കാം. വെബ്സൈറ്റ്: www.allahabadhighcourt.in

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ഡെപ്യൂട്ടേഷൻ. സംസ്ഥാന സർക്കാർ വകുപ്പുകളിൽ സെക്ഷൻ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഹിന്ദുമതത്തിൽപെട്ട ജീവനക്കാർക്ക് വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം അപേക്ഷ നൽകാം. ബി.ടെക് കമ്പ്യൂട്ടർ സയൻസ് ബിരുദം അല്ലെങ്കിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, ഇന്റർനെറ്റ്, ഡേറ്റാബേസ് മാനേജ്മെന്റ് എന്നീ മേഖലകളിൽ പരിജ്ഞാനം ഉണ്ടായിരിക്കണം. അപേക്ഷ നവംബർ 30 നകം ലഭിക്കണം. വെബ്സൈറ്റ്: kdrb.kerala.gov.in

ഒഡിഷയിൽ ലക്ചറർ 833 ഒഴിവ്

സർക്കാരിതര എയ്ഡഡ് കോളേജുകളിലേക്ക് ലക്ചറർ തസ്തികയിലെ 833 ഒഴിവുകളിലേക്ക് ഒഡിഷ ഹയർ എഡ്യൂക്കേഷൻ സ്റ്റേറ്റ് സെലക്ഷൻ ബോർഡ് അപേക്ഷക്ഷണിച്ചു. താത്കാലികാടിസ്ഥാനത്തിലാണ് നിയമനം. പിന്നീട് സ്ഥിരപ്പെടുത്തും. www.ssbodisha.nic.in വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തീയതി ഡിസംബർ 11.

നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച്

നാഷണൽ സെന്റർ ഫോർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ചിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കും. പ്രോജക്ട് സയന്റിസ്റ്റ് ബി-20, ജൂനിയർ റിസർച്ച് ഫെലോ-02, പ്രോജക്ട് സയന്റിഫിക് അസി. -02, എക്സിക്യൂട്ടീവ് അസി. (ഫിനാൻസ് ആൻഡ് അക്കൗണ്ട്സ്) -01, എക്സിക്യൂട്ടീവ് അസി. (പർച്ചേഴ്സ് ആൻഡ് സ്റ്റോർസ്) -01 എന്നിങ്ങനെയാണ് ഒഴിവ്. www.ncaor.gov.in വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 27 വൈകിട്ട് അഞ്ച്. അനുബന്ധരേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യണം.

നാഷണൽ ഇൻഷുറൻസ് കമ്പനി 150 ഒഴിവുകൾ

നാഷണൽ ഇൻഷുറൻസ് കമ്പനി അക്കൗണ്ട്സ് അപ്രന്റിസ്ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. വിവിധ സംസ്ഥാനങ്ങളിലായി 150 ഒഴിവുണ്ട്. കേരളത്തിൽ നാല് ഒഴിവാണുള്ളത്. രണ്ട് വർഷമാണ് പരിശീലനം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ സ്കെയിൽ ഒന്ന് തസ്തികയിൽ സ്ഥിരനിയമനത്തിന് പരിഗണിക്കും.

യോഗ്യത 60 ശതമാനം മാർക്കോടെ കൊമേഴസിൽ ബിരുദം, സിഎ ഇന്റർമീഡിയറ്റ്/ കോസ്റ്റ് ആൻഡ് മാനേജ്മെന്റ് അക്കൗണ്ടൻസി ഇന്റർമീഡിയറ്റ്/ എംബിഎ ഫിനാൻസ്/60 ശതമാനം മാർക്കോടെ കൊമേഴസ് ബിരുദാനന്തര ബിരുദം. 2018 നവംബർ ഒന്നിനെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. പ്രായം 21-27. 2018 നവംബർ ഒന്നിനെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. 200 മാർക്കിന്റെ ഓൺലൈൻ ഒബ്ജക്ടീവ് പരീക്ഷയിലൂടെയാണ് തെരഞ്ഞെടുപ്പ്. മൂന്ന് മണിക്കൂറാണ് പരീക്ഷ. കേരളത്തിൽ കൊച്ചി, കൊല്ലം, തൃശ്ശൂർ പരീക്ഷാകേന്ദ്രങ്ങളാണ്. www.nationalinsuranceindia.com എന്ന website വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി നവംബർ 27.

നേഷനൽ ഇൻഷ്യോറെൻസ്
National Insurance

മെയിൽ മോട്ടോർ സർവീസിൽ 11 ഒഴിവുകൾ

തപാൽ വകുപ്പിന് കീഴിൽ ചെന്നൈയിലെ മെയിൽ മോട്ടോർ സർവീസിൽ സ്കിൽഡ് ആർടിസാൻസ് തസ്തികയിൽ 11 ഒഴിവുണ്ട്. എം വി മെക്കാനിക് (സ്കിൽഡ്) 06, കോഷർ ആൻഡ് ടിൻസ്മിത്ത്(സ്കിൽഡ്) 02, എംവി ഇലക്ട്രീഷ്യൻ(സ്കിൽഡ്) 01, ടയർമാൻ(സ്കിൽഡ്) 02 എന്നീ ട്രേഡുകളിലാണ് ഒഴിവുള്ളത്. യോഗ്യത ബന്ധപ്പെട്ട ട്രേഡിൽ ഐടിഐ അല്ലെങ്കിൽ എട്ടാം ക്ലാസ്സും അതത് ട്രേഡിൽ ഒരുവർഷത്തെ പ്രവൃത്തിപരിചയവും. പ്രായം 18 - 30. 2018 ജൂലായ് ഒന്നിനെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. അപേക്ഷാ ഫോറവും വിശദവിവരവും www.indiapost.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ അയക്കേണ്ട വിലാസം The Manager, Mail Motor Service, No 37(Old No16/1), Gream s Road, Chennai600006. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 03.

മുംബയിലെ മെയിൽ മോട്ടോർ സർവീസിൽ 15 ഒഴിവുണ്ട്

മോട്ടോർ വെഹിക്കിൾ മെക്കാനിക്, മോട്ടോർ വെഹിക്കിൾ ഇലക്ട്രീഷ്യൻ, വെൽഡർ, ടയർമാൻ, പെയിന്റർ, ടിൻസ്മിത്ത് എന്നീ ട്രേഡുകളിലാണ് ഒഴിവ്. യോഗ്യത ബന്ധപ്പെട്ട ട്രേഡിൽ ഐടിഐ അല്ലെങ്കിൽ എട്ടാം ക്ലാസ്സും അതത് ട്രേഡിൽ ഒരുവർഷത്തെ പ്രവൃത്തിപരിചയവും. പ്രായം 18-30. അപേക്ഷാഫോറവും വിശദവിവരവും www.indiapost.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ അയക്കേണ്ട വിലാസം The Senior Manager, Mail Motor Service, 134A, S K Ahire Marg, Worli, Mumbai 400018. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 31.

യു.പി പവർ കോർപറേഷനിൽ 299 അവസരങ്ങൾ

യു.പി പവർ കോർപറേഷൻ ലിമിറ്റഡ് അസി. എൻജിനിയർ (ടെയിനി) തസ്തികയിൽ അപേക്ഷക്ഷണിച്ചു. 299 ഒഴിവുണ്ട്. ഇലക്ട്രിക്കൽ 180, കംപ്യൂട്ടർ സയൻസ് 40, ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്യൂണിക്കേഷൻ-61, സിവിൽ 18 എന്നിങ്ങനെയാണ് ഒഴിവ്.

യോഗ്യത ബന്ധപ്പെട്ട വിഭാഗത്തിൽ എൻജിനിയറിങ് ബിരുദം. സിവിൽ വിഭാഗത്തിൽ എൻജിനിയറിംഗ് ഡിപ്ലോമക്കാർക്കും അപേക്ഷിക്കാം. ഹിന്ദിയിൽ പ്രാവീണ്യം വേണം. പ്രായം 21-40. 2018 ജൂലായ് ഒന്നിനെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. upenergy.in വഴി ഓൺ അപേക്ഷിക്കാനുള്ള അവസാനതിയതി നവംബർ 30.

നാഷണൽ ഫെർടിലൈസേഴ്സ് ലിമിറ്റഡ്

നാഷണൽ ഫെർടിലൈസേഴ്സ് ലിമിറ്റഡിൽ അക്കൗണ്ട്സ് ഓഫീസർ - 40, സീനിയർ മാനേജർ(എഫ് ആൻഡ് എ) 02 ഒഴിവുണ്ട്.

www.nationalfertilizers.com വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 14.

ഓൺലൈനായി അപേക്ഷിച്ചതിന്റെ പ്രിന്റ് ഒപ്പിട്ട് അനുബന്ധരേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം Deputy General Manager (HR), National Fertilizers Limited, A11, Sector24, Noida, District Gautam Budh Nagar, Uttar Pradesh 201301 എന്ന വിലാസത്തിൽ ഡിസംബർ 21 നകം ലഭിക്കുന്നവിധം അയക്കണം.

എൻ എഫ് എൽ NFL

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ

ടെലിഫോൺ ഓപറേറ്റർ/ സിഗ്നലർ കം വിഎച്ച്എഫ് ഓപറേറ്റർ(ക്ലാസ്സ്ത്രീ) തസ്തികയിലെ രണ്ടൊഴിവിലേക്ക് അപേക്ഷക്ഷണിച്ചു. കരാർ നിയമനമാണ്. യോഗ്യത: പ്ലസ്ടു, കമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽ നിന്നുള്ള ജി.എം.ഡി.എസ്.എസ് സർട്ടിഫിക്കറ്റ്. കംപ്യൂട്ടർ അപ്ലിക്കേഷനിൽ ഡിപ്ലോമ, ഇംഗ്ലീഷും ഹിന്ദിയും എഴുതാനും സംസാരിക്കാനും അറിയണം. ആർഒസി, എആർപിഎ കോഴ്സ് ചെയ്യുന്നവർക്ക് മുൻഗണന. ഉയർന്ന പ്രായം 35. 2018 നവംബർ 30 നെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്. cochinport.gov.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അനുബന്ധ സർടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം The Deputy Conservator, Cochin Port trust, Cochin 682009 എന്ന വിലാസത്തിൽ ലഭിക്കണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ 30.

ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിൽ അപ്രന്റിസ്

ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിൽ അപ്രന്റിസ്ഷിപ്പിന് ഐ.ടി.ഐക്കാർക്ക് അപേക്ഷിക്കാം. ഇലക്ട്രീഷ്യൻ 25, ഇൻസ്ട്രുമെന്റ് മെക്കാനിക് 02, മെക്കാനിക് ഡീസൽ 11, വെൽഡർ(ജിആൻഡ്ഇ) 15, ഫിറ്റർ 10, ടർണർ 08, എസി ആൻഡ് റഫ്രിജറേഷൻ മെക്കാനിക് 02, ട്രോട്സ്മാൻ മെക്കാനിക്കൽ 03, ട്രോട്സ്മാൻ സിവിൽ 03, സർവേയർ 03, കാർപന്റർ 03, പ്ലംബർ 02 എന്നിങ്ങനെ ആകെ 87 ഒഴിവുണ്ട്. 2016 മുമ്പ് ഐ.ടി.ഐ പാസ്സായവർ അപ്രന്റിസ്ഷിപ്പിന് വിധേയമായിട്ടില്ലെന്നും തൊഴിൽ ചെയ്തിട്ടില്ലെന്നും സത്യവാങ്മൂലം നൽകണം. www.hindustancopper.com എന്ന വെബ്സൈറ്റിൽ അപേക്ഷാഫാറത്തിന്റെ മാതൃക ലഭിക്കും. അപേക്ഷിക്കുന്നവർ www.apprenticeship.gov.in ൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ നമ്പർ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധസർടിഫിക്കറ്റുകളുടെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ പൂരിപ്പിച്ച അപേക്ഷയോടൊപ്പം Manager (HR), Hindusthan Copper Limited, Malanjkhand Copper Project, Tehsil, Birsa P O, Malanjkhand, District Balaghat, Madhya Pradesh 481116 എന്ന വിലാസത്തിൽ നവംബർ 24 നകം ലഭിക്കത്തക്ക വിധം അയക്കണം.

സിനിമ ഓപറേറ്റർ

കേരള സ്റ്റേറ്റ് സിനിമ ഓപറേറ്റേഴ്സ് പരീക്ഷാബോർഡ് നടത്തുന്ന സിനിമ ഓപറേറ്റർ പരീക്ഷയ്ക്ക് അപേക്ഷക്ഷണിച്ചു. അപേക്ഷ 30 ന് വൈകിട്ട് 5 നകം ലഭിക്കണം. വിശദവിവരങ്ങൾക്ക് ചീഫ് ഇലക്ട്രൽ ഇൻസ്പെക്ടറേറ്റുമായോ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായോ ബന്ധപ്പെടണം. www.ceikerala.gov.in ലും വിവരം ലഭിക്കും. ഫോൺ: 0471-2331104, 2331159.

ഒഡിഷ ഹൈഡ്രോപവർ കോർപറേഷനിൽ 96 ഒഴിവ്

ഒഡിഷ ഹൈഡ്രോപവർ കോർപറേഷൻ ലിമിറ്റഡിൽ ഡിപ്ലോമ എൻജിനിയർ ടെയിനി, ഗ്രാഡ്യേറ്റ് എൻജിനിയർ ടെയിനി, മാനേജ്മെന്റ് ടെയിനി തസ്തികയിൽ ആകെ 96 ഒഴിവുണ്ട്. ഡിപ്ലോമ ടെയിനി ഇലക്ട്രിക്കൽ, മെക്കാനിക്കൽ, സിവിൽ വിഭാഗത്തിലാണ് ഒഴിവ്. എൻജിനിയറിംഗ് വിഭാഗത്തിൽ ഇലക്ട്രിക്കൽ, സിവിൽ, മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ ആൻഡ് കൺട്രോൾ, ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിലാണ് ഒഴിവ്.

മാനേജ്മെന്റ് ടെയിനി എച്ച്ആർഡി, ഫിനാൻസ്, ലീഗൽ, പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയൽ, എൻവയോൺമെന്റ് വിഭാഗത്തിലാണ് ഒഴിവ്. ഡിപ്ലോമ ടെയിനി യോഗ്യത 60 ശതമാനം മാർക്കോടെ ഡിപ്ലോമ. എൻജിനിയറിങ് വിഭാഗത്തിൽ യോഗ്യത 60 ശതമാനം മാർക്കോടെ ബിരുദം. മാനേജ്മെന്റ് ടെയിനി യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം/ ബിരുദാനന്തര ബിരുദം.

ഡിപ്ലോമ ടെയിനി പ്രായം 1832. എൻജിനിയർ ടെയിനി/ മാനേജ്മെന്റ് ടെയിനി പ്രായം 21-32. 2018 ഒക്ടോബർ ഒന്നിനെ അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുന്നത്.

നിയമാനുസൃത ഇളവ് ലഭിക്കും. www.ohpcltd.com വഴി ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാനതിയതി ഡിസംബർ 05.

വിശാഖപട്ടണം നേവൽ ഡോക്യാർഡിൽ

വിശാഖപട്ടണം നേവൽ ഡോക്യാർഡിൽ ട്രേഡ് അപ്രന്റിസ്ഷിപ്പിന് അവസരം. വിവിധ ട്രേഡുകളിലായി 275 ഒഴിവുണ്ട്. ഇൻ ഇലക്ട്രോപ്ലേറ്റർ, ഇലക്ട്രോണിക് മെക്കാനിക് ഫിറ്റർ, ഇൻസ്ട്രുമെന്റ് മെക്കാനിക്, മെഷീനിസ്റ്റ് മെക്കാനിക്, ൻട്ടൾ മെയിന്റനൻസ് പെയിന്റർ ജനറൽ പാറ്റേൺ മേക്കർ റഫ്രിജറേറ്റർ ആൻഡ് എസി മെക്കാനിക് വെൽഡർ ഗ്യാസ് ആൻഡ് ഇലക്ട്രിക്കൽ കാർപന്റർ ഫോണ്ടിമെൻ ഫോർജർ ആൻഡ് ഹീറ്റ്ട്രാൻസ്ഫർ മെക്കാനിക്കൽ ഡീസൽ ഷീറ്റ്മെറ്റൽ വർക്കർ പൈപ്പ് ഫിറ്റർ എന്നിങ്ങനെയാണ് ഒഴിവ് പൈപ്പ് ഫിറ്റർ ട്രേഡിൽ രണ്ട് വർഷമാണ് പരിശീലനകാലാവധി.

മറ്റ് ട്രേഡുകളിൽ ഒരുവർഷം യോഗ്യത ശതമാനം മാർക്കോടെ പത്താം ക്ലാസ്സോടെ പത്താം ക്ലാസ്സ് ജയിക്കണം ശതമാനം മാർക്കോടെ ഐ.ടി.ഐ എൻസിവിടി ഏപ്രിൽ ഒന്നിനും ഏപ്രിൽ ഒന്നിനും ഇടയിൽ ജനിച്ചവരാകണം രണ്ട് തീയതികളും ഉൾപ്പെടെ അപേക്ഷകർ നിയമാനുസൃത ഇളവ് ലഭിക്കും എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ് അപേക്ഷിക്കുന്നവർ രജിസ്റ്റർ ചെയ്യണം രജിസ്ട്രേഷൻ പൂർത്തിയാക്കികാൻഡിഡേറ്റ് പ്രൊഫൈൽ പ്രിന്റെടുക്കണം ഇത് നൽകിയിട്ടുള്ള ഹാൾടിക്കറ്റിന്റെ രണ്ട് കോപ്പികളും സഹിതം എന്ന വിലാസത്തിൽ അയക്കണം വിശദവിവരം ൽ ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തിയതി ഡിസംബർ ഓൺലൈനായി അപേക്ഷിച്ചതിന്റെ പ്രിന്റ് സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 12.

എച്ച്.എൽ.എൽ ഇൻഫ്രാടെകിൽ

എച്ച്.എൽ.എൽ ഇൻഫ്രാടെക് സർവീസസ് ലിമിറ്റഡിൽ വിവിധ തസ്തികകളിൽ 107 ഒഴിവുണ്ട്. അസോസിയറ്റ് വൈസ് പ്രസിഡന്റ്(സിവിൽ) 02, ഡെപ്യൂട്ടി വൈസ് പ്രസിഡന്റ്(സിവിൽ) 05, ചീഫ് എൻജിനിയർ(സിവിൽ) 03, ചീഫ് എൻജിനിയർ(ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) 03, ചീഫ് പ്രോജക്ട് മാനേജർ(സിവിൽ) 08, പ്രോജക്ട് മാനേജർ(ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) 06, പ്രോജക്ട് മാനേജർ(സിവിൽ) 05, മാനേജർ(മോണിറ്ററിങ്) 01, പ്രോജക്ട് എൻജിനിയർ(സിവിൽ) 05, സീനിയർ ആർകിടെക്ട് 02, അസി. പ്രോജക്ട് എൻജിനിയർ(ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) 15, ജൂനിയർ ആർകിടെക്ട് 04, സേഫ്ടി ഓഫീസർ 02 ഡെപ്യൂട്ടി വൈസ് പ്രസിഡന്റ്(ഫെസിലിറ്റി മാനേജ്മെന്റ്) 01, ഡെപ്യൂട്ടി മാനേജർ (ഇൻഫർമേഷൻ ടെക്നോളജി) 01, അസി. മാനേജർ(ലീഗൽ) 01, ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രൊക്യൂർമെന്റ്) 01, സീനിയർ മാനേജർ/ മാനേജർ(കോൺട്രാക്ട് മാനേജ്മെന്റ്) 03, രാജ്ഭാഷ അധികാരി/ ഒഫീഷ്യൽ ലാംഗ്വേജ് ഓഫീസർ. ഓരോ തസ്തികക്കും ആവശ്യമായ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം, അപേക്ഷിക്കേണ്ട വിധം തുടങ്ങി വിശദവിവരം: www.lifecarehll.com/careers.

അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബർ 10.

ഡി.ആർ.ഡി.ഒയിൽ സയന്റിസ്റ്റ്

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷനിൽ സയന്റിസ്റ്റ് തസ്തികയിൽ 15 ഒഴിവുണ്ട്.

സയന്റിസ്റ്റ് ഇ (കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്/ ഇൻഫർമേഷൻ ആൻഡ് ടെക്നോളജി) 02, സയന്റിസ്റ്റ് ഡി (കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്/ ഇൻഫർമേഷൻ ആൻഡ് ടെക്നോളജി) 02, സയന്റിസ്റ്റ് സി (ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിങ്) 01, സയന്റിസ്റ്റ് സി (കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിങ്/ ഇൻഫർമേഷൻ ആൻഡ് ടെക്നോളജി) 10, ഒഴിവുകളാണുള്ളത്.

സയന്റിസ്റ്റ് ഡി, ഇ തസ്തികക്ക് 45 വയസ്സും സി തസ്തികക്ക് 35 വയസ്സുമാണ് ഉയർന്ന പ്രായം. യോഗ്യത ബന്ധപ്പെട്ട വിഷയത്തിൽ ഒന്നാം ക്ലാസ്സ് ബിരുദം. rac.gov.in ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തിയതി നവംബർ 30.

ഗെയിൽ ഇന്ത്യ ലിമിറ്റഡിൽ

ഗെയിൽ ഇന്ത്യ ലിമിറ്റഡിൽ വിവിധ തസ്തികകളിലായുള്ള 160 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

ജൂനിയർ എൻജിനിയർ (കെമിക്കൽ, മെക്കാനിക്കൽ), ഫോർമാൻ(ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ, മെക്കാനിക്കൽ, സിവിൽ), ജൂനിയർ കെമിസ്റ്റ്, ജൂനിയർ സൂപ്രണ്ടന്റ്, ടെക്നീഷ്യൻ(മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രിക്കൽ, ടെലികോം ആൻഡ് ടെലിമെട്രി), അസിസ്റ്റന്റ് തസ്തികകളിലാണ് ഒഴിവ്.

ബിരുദം, ഐടിഐ, എൻജിനിയറിങ് ഡിപ്ലോമ യോഗ്യതകളുള്ളവർക്ക് വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കാം.

www.gailonline.com വഴി ഓൺലൈനായി അപേക്ഷിക്കേണ്ട അവസാനതിയതി നവംബർ 30.